facebook Sign Up
Email or phone
Password
Log In
Forgotten account?

Harikishore S
3 June 2020 ·

Making An Impact - 272

പരിശീലനാർത്ഥികളുടെ ആശങ്കയകറ്റാനും കോവിഡ് 19 പ്രതിസന്ധി അറിയാനും ഡിഡിയുജികെവൈയുടെ 'ബിഫ്രണ്ടിങ്'

കുടുംബശ്രീ മുഖേന നടപ്പാക്കുന്ന സൗജന്യ നൈപുണ്യ പരിശീലന പദ്ധതിയായ ഡിഡിയുജികെവൈ (ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന)യുടെ ഭാഗമായി കൊറോണ വൈറസ് വ്യാപനത്തെത്തുടർന്നുള്ള ലോക്ക്ഡൗൺ കാലയളവിൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങളെ ഞാൻ നേരത്തേ നിങ്ങൾക്ക് പരിചയപ്പെടുത്തിയിരുന്നല്ലോ. ലോക്ക്ഡൗൺ പ്രഖ്യാപിച്ച കാലയളവിൽ 94 പരിശീലന കേന്ദ്രങ്ങളിലായി പരിശീലനം നേടിവന്നിരുന്ന 7790 കുട്ടികൾക്ക് വേണ്ടി പഠനസാമഗ്രികൾ ഓൺലൈനായി ലഭ്യമാക്കിയതും ഓൺലൈൻ ക്ലാസ്സുകൾ ഏർപ്പെടുത്തിയതിനെക്കുറിച്ചും Making an Impact 240 ലും പരിശീലനാർത്ഥികൾക്കായി ഇ-ലേണിങ് പോർട്ടൽ തയാറാക്കിയതിനെക്കുറിച്ച് Making an Impact 241ലും വായിച്ചിരിക്കുമല്ലോ. ഡിഡിയുജികെവൈയുടെ ഭാഗമായ കുട്ടികൾക്ക് മാനസിക പിന്തുണയേകുന്നതിനായി അവരുമായി സൗഹൃദ സംഭാഷണത്തിലൂടെ കോവിഡ് 19നുമായി ബന്ധപ്പെട്ട് അവർ നേരിടുന്ന പ്രശ്നങ്ങൾ തുറന്ന് പറയാൻ അവസരമൊരുക്കി ആശങ്കയകറ്റാൻ ഞങ്ങൾ നടപ്പാക്കിവരുന്ന പ്രവർത്തനമായ 'ടെലഫോൺ ബിഫ്രണ്ടിങ്ങി'നെക്കുറിച്ച് ഇന്ന് വിശദമാക്കാം.

2019 ഏപ്രിൽ മുതൽ ഡിഡിയുജികെവൈ പദ്ധതിയുടെ ഭാഗമായി പരിശീലനം ആരംഭിച്ച കുട്ടികൾക്കും ഇക്കാലയളവിൽ പരിശീലനം പൂർത്തിയാക്കിയ കുട്ടികൾക്കും ജോലി ലഭിച്ച കുട്ടികൾക്കുമെല്ലാം ലോക്ക്ഡൗൺ കാലയളവിൽ നിരവധി ആശങ്കകളുണ്ടാകുമെന്ന് ഞങ്ങൾ മനസ്സിലാക്കി. കോഴ്സ് കൃത്യസമയത്ത് പൂർത്തിയാക്കാനാകുമോ, ജോലി ലഭിക്കുമോ എന്ന് തുടങ്ങി ലഭിച്ച ജോലി നഷ്ടമാകുമോ, സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടി വരുമോ എന്നുള്ള പ്രശ്നങ്ങളും ഇവർ നേരിടുന്നുവെന്ന് അറിഞ്ഞു. കൂടാതെ കുട്ടികൾക്ക് ഒറ്റപ്പെടുന്നതടക്കമുള്ള തോന്നലുകളുമുണ്ടാകും. അതിനാൽ തന്നെ ഇവർക്കെല്ലാം മാനസികമായ പിന്തുണയേകുക എന്ന ലക്ഷ്യത്തോടെ ഞങ്ങൾ ആരംഭിച്ച പ്രവർത്തനമാണ് ടെലഫോൺ ബിഫ്രണ്ടിങ്. പരിശീലനാർത്ഥികളെ നേരിട്ട് പരിചയമുള്ള അധ്യാപകരുൾപ്പെടെയുള്ളവർ ഫോൺ മുഖേന ഇവരുടെ പ്രശ്നങ്ങളെല്ലാം കേൾക്കുകയും പിന്തുണയേകുകയും ചെയ്യുന്ന പ്രവർത്തനമാണിതെന്ന് ചുരുക്കിപ്പറയാം. ഞങ്ങളുടെ പരിശീലന ഏജൻസികളിലൊന്നായ രാജഗിരി സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് ബിഫ്രണ്ടിങ് വഴി അവർ മുഖേന നൈപുണ്യ പരിശീലനം നൽകുന്നവർക്ക് മാനസിക പിന്തുണയേകുന്നതിനെക്കുറിച്ച് അറിയാനിടയായതും ഈ മാതൃക ഏറെ ഫലപ്രദമാണെന്ന് അറിഞ്ഞതും കൊണ്ട് ഈ പ്രവർത്തനം മറ്റ് പിഐഎകൾ (പിഐഎ- പ്രോജക്ട് ഇംപ്ലിമെന്റിങ് ഏജൻസികളെ) വഴി നടത്താനും ഞങ്ങൾ തീരുമാനിക്കുകയായിരുന്നു.

ഇതിന്റെ ഭാഗമായി കേരളത്തിൽ ഡിഡിയുജികെവൈ പദ്ധതിയുടെ കീഴിൽ പരിശീലനം നൽകി വന്നിരുന്ന പിഐഎകളെ ഇതേക്കുറിച്ച് അറിയിച്ചു. മേയ് 20ന് ഇവരുടെ യോഗം ഓൺലൈൻ മാർഗ്ഗം ഉപയോഗിച്ച് വിളിച്ചു ചേർക്കുകയും പദ്ധതി നടപ്പാക്കേണ്ട രീതിയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകുകയും ഇതേക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. പിഐഎകൾ തങ്ങളുടെ കീഴിൽ പരിശീലനം നേടുന്ന വിദ്യാർത്ഥികളെ അധ്യാപകർ, പ്ലേസ്മെന്റെ ഓഫീസർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ മുഖേന ഫോൺ മുഖേന ബന്ധപ്പെടുകയും പ്രശ്നങ്ങൾ കേൾക്കുകയുമായിരുന്നു. ഓരോരുത്തരും ദിവസേന 10 മുതൽ 15 കുട്ടികളെ നേരിട്ട് ഫോൺ ചെയ്ത് അവരുടെ ആശങ്കകളെല്ലാം ക്ഷമാപൂർവ്വം കേൾക്കുകയും മനസ്സിലാക്കുകയുമാണ് ടെലഫോൺ ബിഫ്രണ്ടിലൂടെ ചെയ്തത്.

മേയ് 26നകം തന്നെ 13,286 പരിശീലനാർത്ഥികളെ ടെലഫോൺ ബിഫ്രണ്ട് പദ്ധതി വഴി ബന്ധപ്പെടാനും കോവിഡുമായി ബന്ധപ്പെട്ട് അവർക്കുണ്ടായ ആശങ്കകൾ കേൾക്കാനും കഴിഞ്ഞു. ഓരോ ഏജൻസികളും തങ്ങൾ നടത്തിയ പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് മേയ് 28നുള്ളിൽ ഞങ്ങൾക്ക് ലഭ്യമാക്കുകും ചെയ്തു. ഈ റിപ്പോർട്ട് ക്രോഡീകരിക്കുകയും അന്തിമ റിപ്പോർട്ട് തയാറാക്കി ഗ്രാമവികസന മന്ത്രാലയത്തിന് സമർപ്പിക്കുവാനുമാണ് ഞങ്ങൾ തീരുമാനിച്ചിരിക്കുന്നത്. കോവിഡ്- 19 എന്ന മഹാമാരി കേരളത്തിലെ ഡിഡിയുജികെവൈ പദ്ധതിയുടെ ഭാഗമായ പരിശീലനാർത്ഥികളെ എങ്ങനെ ബാധിച്ചുവെന്ന് മനസ്സിലാക്കാനും ടെലഫോൺ ബിഫ്രണ്ടിങ് വഴി കഴിഞ്ഞു.

പരിശീലന കേന്ദ്രങ്ങളിൽ സാധാരണ നിലയിൽ ക്ലാസ്സുകൾ ആരംഭിക്കുന്നത് വരെ ഇതേ മാതൃകയിൽ പൂർണ്ണ പിന്തുണ നൽകാനുള്ള പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി ഞങ്ങൾ നടത്തുക. ഈ പ്രവർത്തനം മുഖേന ഡിഡിയുജികെവൈ പരിശീലനാർത്ഥികളുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കാനും എപ്പോഴും അവർക്ക് ആശ്രയിക്കാനാകുന്നവരാണ് ഞങ്ങളെന്നുമുള്ള ബോധം ഊട്ടി ഉറപ്പിക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

#MakingAnImpact

DDUGKY's 'Befriending' for extending care and support to DDUGKY students and to know their problems during covid-19 lock down period

We had already explained about the various activities being implemented as part of DDUGKY(Deen Dayal Upadhyay Grameen Kaushalya Yojana) the skill training programme being implemented through Kudumbashree during the lockdown period. Hope you would have read the 'Making an Impact' Article-240 in which the details about providing study materials and arranging online classes for the 7790 students who were getting trained through the 94 training agencies was explained. In the 'Making an Impact' Article - 241, the details about our e-learning portal was also explained.

Today, we will explain about 'Telephone Befriending', the activity being implemented for extending unconditional emotional support to DDUGKY students by making friendly interaction with them and making opportunities for them to share about the issues they are facing in connection with covid-19.

We understood that the students who started training during April 2019 and those who completed DDUGKY training during this time and those who got placements are facing many challenges during lock down. We came to know that they are worried that whether they would be able to complete their course in time, whether they would get placements, whether they would lose their placement, whether they would have to face financial challenges etc. Also students may fear about abandonment and isolation. Telephone Befriending is the activity we have started aiming at extending mental support for them. In short, it is the activity in which officials including teachers, who know the students in person, contact them through phone, listen to their issues and extend support to them. We came to know that Rajagiri School of Social Sciences, one of our empanelled training agencies have been providing mental support through Telephone Befriending to their students whom they have been extending skill training. We understood that this method is effective and we decided to implement this activity through our other PIAs(Project Implementing Agencies) as well.

As part of this, we informed the PIAs who had been extending skill training in Kerala through DDUGKY about the same. An online meeting of these PIAs was organised on 20 May. We discussed and gave them instructions and guidelines on implementing this activity. The PIAs contacted their students through teachers, placement officers, other officials, and listened to their issues. Each PIA contacted 10 to 15 students a day, patiently listened to their worries and understood the same through Telephone Befriending.

Till 26 May, we were able to contact 13,286 students through the Telephone Befriending programme and listened to their issues. Each of the agencies sent us the detailed report regarding the activities they have done till 28 May. We have decided to compile the same, prepare the final report and forward to the Ministry of Rural Development (MoRD). Through Telephone Befriending, we were able to know how the covid-19 pandemic had affected the DDUGKY students in Kerala.

Until starting regular classes at the training agencies, we would be implementing such activities for extending full support in this model. We hope that through this activity we would be able to strengthen the relationship with the DDUGKY students and ensure them that they could depend on us always.

#MakingAnImpact




111 11 comments 46 shares
Share

English (UK) · हिन्दी · اردو · தமிழ் · Español
Privacy · Terms · Advertising · AdChoices · Cookies · More
Facebook © 2021